# സെന്റ്.ജോസഫ് തീർത്ഥാടന ദൈവാലയം

## പെരിങ്ങഴ

ലക്കം 1 പുസ്തകം 4 2022




**പാരിഷ് ബുള്ളറ്റിൻ**



***ആഗസ്റ്റ് 2022***

ICSE പത്താം ക്ലാസ് പരീക്ഷയിൽ
98% മാർക്കോടെ
ഉന്നത വിജയം നേടിയ

**ജെസ്‌വിൻ ജോസഫ് ചേറ്റുരിന്**

**അഭിനന്ദനങ്ങൾ...**



**വേദപാഠം സ്കോളർഷിപ്പ്
പരീക്ഷയിൽ ഫോറോനാ തലത്തിൽ
ഒന്നാം സ്ഥാനം നേടിയ**



**ജോർജ് മാത്യൂ ചേറ്റൂരിന്**

**അഭിനന്ദനങ്ങൾ...**



**ഫാ. പോൾ കാരക്കൊമ്പിൽ**

**(വികാരി)**

Ph: +91 94469 32440

# കൈക്കാരൻമാർ



**സിജി ജേക്കബ് ചേറ്റൂർ**
Ph: +91 95260 33178




**ബേബി മാത്യു നാമറ്റത്തിൽ**
Ph: +91 94005 90818

**ജയ്സൻ കാനാരിയ്ക്കൽ**

**(ദേവാലയ ശുശ്രൂഷി)**

Ph: +91 95445 85519



# പെരിങ്ങഴ തീർത്ഥാടന ഇടവക

## പാരിഷ് ബുള്ളറ്റിൻ

ലക്കം 1 | പുസ്തകം 4 | ആഗസ്റ്റ് 2022




### രക്ഷാധികാരി

**ഫാ. പോൾ കാരക്കൊമ്പിൽ**
Mob: +91 94469 32440

### ചീഫ് എഡിറ്റർ

**ജോർജ് പോൾ പൊരുന്നേടത്ത്**
Mob: +91 92881 64199

### മാനേജിങ് എഡിറ്റേഴ്സ്

**ഗ്രേസ് മരിയ അരയകുന്നേൽ**

**അലീന ബിജു നടുക്കുടിയിൽ**

### എഡിറ്റേഴ്സ്

**നെവിൽ മാത്യു പിട്ടാപ്പിള്ളിൽ**

**ലിറ്റോ ജെയിംസ് നീരൊലിക്കൽ**

**രഞ്ജിത് ജോർജ് പാലക്കാട്ട്**

**മെറിൻ മാത്യു പുത്തെൻപുരക്കൽ**

**ആൽബിൻ സാജു പിട്ടാപ്പിള്ളിൽ**

**സാലറ്റ് മരിയ അയ്യംകുഴക്കൽ**


### ഇതളുകൾ മറിയുമ്പോൾ


ഇടയമൊഴി

ഇടവക ഡയറി

ഓർമ്മകൾ

പ്രതീക്ഷയുടെ സ്വാതന്ത്ര്യദിനം

ഇടവക വിശേഷങ്ങൾ

രൂപതാ - സഭ വാർത്തകൾ

സംഘടനാ അറിയിപ്പുകൾ

ലോഗോസ് പരീക്ഷാ സമയക്രമം

തിരുക്കർമ്മങ്ങളുടെ സമയക്രമം

ഇതൾ മറിയുന്ന ചരിത്രം

അമ്മയുടെ സ്നേഹം

സോഷ്യൽ മീഡിയയിൽ ഒന്നാകാം

കൊച്ചു കൊച്ചു വിശേഷങ്ങൾ

തിരുവചന വായനകളും അനുദിന വിശുദ്ധരും



**സെന്റ്. ജോസഫ് തീർത്ഥാടന ദൈവാലയം, പെരിങ്ങഴ –686673**
**ഫോൺ: 0485 2832840**
**ഇ-മെയിൽ: peringuzhachurch@gmail.com**


* For Private Circulation Only



# ഇടയമൊഴി

ഈശോ മിശിഹായക്കു സുതുതിയായിരിക്കട്ടെ.

ദൈവരാജ്യത്തിന്റെ പ്രഘോഷണത്തിനും, വളർച്ചക്കുമായി ഈ ഭൂമിയെ സ്നേഹിക്കുകയും, അതിനായി ശിഷ്യൻമാരിലൂടെ തന്റെ ദൗത്യം പൂർത്തിയാക്കി കൊണ്ടിരിക്കുകയും ചെയ്യുന്ന ദൈവത്തിന് സ്തുതി. സഭയുടെ വളർച്ചയിൽ കൂട്ടുചേരുന്ന നമ്മുടെ ഇടവകയേയും അഭിമാനത്തോടെ കാണാം. ഇടവകയുടെ വളർച്ചയിൽ 1977 – '82 കാലഘട്ടങ്ങളിൽ കൂടെയായിരുന്ന ബഹുമാനപ്പെട്ട ജോർജ്ജ് മുളഞ്ഞനാനിയച്ചനെ പ്രാർത്ഥനയിൽ അനുസ്മരിക്കാം. എല്ലാവർക്കും സ്വാതന്ത്ര ദിനത്തിന്റെയും, മാതാവിന്റെ സാർഗ്ഗരോപണ തിരുനാളിന്റേയും മംഗളങ്ങൾ നേരുന്നു.

സ്നേഹാശംസകളോടെ,

ഫാ. പോൾ കാരക്കൊമ്പിൽ

വികാരി അച്ചൻ



# ജൂലൈ 2022 ഇടവക ഡയറി

**ജൂലൈ 1:**

- ആദ്യ വെള്ളിയാഴ്ച ആരാധനയും വി. കുർബാനയും നടത്തി.

**ജൂലൈ 2:**

- ഇടവകാംഗങ്ങൾക്കായുള്ള ലോഗോസ് മോഡൽ പരീക്ഷ ഓൺലൈൻ ആയി ആരംഭിച്ചു. ജൂലൈ 2 മുതൽ എല്ലാ ശനിയാഴ്ചകളിലും, നേരത്തെ തന്നിരിക്കുന്ന ബൈബിൾ ഭാഗത്തെ അടിസ്ഥാനമാക്കി രാത്രി 8 മണിക്ക് ആയിരിക്കും പരീക്ഷ.
- പാരീഷ് കൗൺസിൽ മീറ്റിംഗ് ചേരുകയും കൈക്കാരൻ സ്ഥാനമൊഴിഞ്ഞ ജോസ് മഠത്തിക്കുടിയിൽ, ജെസ്സ് മാടശ്ശേരിൽ, ജോസ് പൈക്കാട്ട് എന്നിവരോടുള്ള ഇടവകയുടെ നന്ദിയും സ്നേഹവും രേഖപ്പെടുത്തുകയും ചെയ്തു.

**ജൂലൈ 3:**

- ദുക്റാന തിരുന്നാളും സീറോ മലബാർ സഭാദിനവും സമുചിതമായി ആഘോഷിച്ചു.
- പുതിയ കൈക്കാരന്മാരായി സിജി ജേക്കബ് ചേറ്റൂർ, ബേബി മാത്യു നാമറ്റത്തിൽ എന്നിവർ ചുമതലയെറ്റെടുത്തു.
- ചെറുപുഷ്പ മിഷൻ ലീഗ് 2022 - 2023 പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. പ്രവർത്തന വർഷത്തെ ആദ്യ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് ചേർന്നു.

## ജൂലൈ 06:

- പെരിങ്ങഴ സെന്റ് ജോസഫ്സ് തീർത്ഥാടന ഇടവകയുടെ മുൻ വികാരിയായിരുന്ന അന്തരിച്ച ജോർജ് മുളഞ്ഞനാനി അച്ചന് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഇടവകയെ പ്രതിനിധീകരിച്ച് ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ റീത്ത് സമർപ്പിക്കുകയും മുളഞ്ഞനാനി അച്ചന് വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.



## ജൂലൈ 10:





- 5,6,7 ക്ലാസ്സുകളിലെ കുട്ടികളെ മിഷൻ ലീഗിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് അംഗത്വ സ്വീകരണം നടത്തി.
- യുവജന ദിനം സമുചിതമായി ആഘോഷിച്ചു. രണ്ടാമത്തെ കുർബാനക്ക് ശേഷം പുതിയ പ്രവർത്തന വർഷത്തിലെ കെസിവൈഎം-യുവദീപ്തിയുടെ ആദ്യ ശാഖ മീറ്റിംഗ് നടത്തുകയും 2022-2023 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഫാ. പോൾ കാരക്കൊമ്പിലിന്റെ നേതൃത്വത്തിൽ ആണ് മീറ്റിംഗ് കൂടിയത്. തുടർന്ന് ആദ്യ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗും ചേർന്നു.

## ജൂലൈ 16:

- കർമല മാതാവിന്റെ തിരുനാൾ ആഘോഷിച്ചു.

## ജൂലൈ 17 :

- പെരിങ്ങഴ തീർത്ഥാടന ഇടവകയിലെ മാതൃവേദി, യുവദീപ്തി സംഘടനകളുടെയും കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ചേലാട് സെന്റ്. ഗ്രിഗോറിയോസ് ദന്തൽ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ പെരിങ്ങഴ ഇടവകയുടെ പാരിഷ് ഹാളിൽ വച്ച് രക്ത പരിശോധനയും സൗജന്യ ദന്തപരിശോധനാ ക്യാമ്പും നടത്തി.
- 2018-ലെ മഹാപ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച പള്ളിതാഴത്തെ കപ്പേളയിലെ വി. യൗസേപ്പിതാവിന്റെ രൂപം മാറ്റി സ്ഥാപിച്ചു.



## ജൂലൈ 24 :

- പന്ത്രണ്ട് ശ്ലീഹാന്മാരുടെ തിരുനാൾ ആഘോഷിച്ചു.
- കെ. സി. വൈ. എം - യുവദീപ്തി ആരക്കുഴ ഫോറോനയുടെ നിയുക്ത ഡയറക്ടർ ഫാ. പോൾ കാരകൊമ്പിൽ അരിക്കുഴ ഇടവകയിൽ വച്ച് സ്ഥാനം ഏൽക്കുകയും, 2022-2023 പ്രവർത്തന വർഷ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.



## ജൂലൈ 28 :

- വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.

# ആദരാഞ്ജലികൾ



1977 – '82 കാലഘട്ടത്തിൽ
പെരിങ്ങഴ ഇടവക വികാരിയായി സേവനം ചെയ്തിരുന്ന
**ഫാ. ജോർജ് മുളഞ്ഞനാനി**
നിര്യാതനായി...



**ജോൺ ജോസഫ് കോടമുള്ളിൽ**
പരേതനായ ബഹു.ജോസ് കോടമുള്ളിൽ അച്ചന്റെ പിതാവ്




# പ്രതീക്ഷയുടെ സ്വാതന്ത്ര്യദിനം

ഓഗസ്റ്റ് 15 എല്ലാ ഇന്ത്യക്കാരുടെയും മനസിലെ ഒളിമങ്ങാത്ത ഓർമ ദിവസം. ബ്രിട്ടീഷ് ചൂഷണത്തിന്റെയും അടിമത്തത്തിന്റെയും പിടിയിൽ നിന്നുള്ള മോചനത്തിന്റെ ഒരു പുതിയ തുടകത്തിന്റെ പ്രഭാതത്തെ ഓരോ ഇന്ത്യക്കാരനെയും ഓർമിപ്പിക്കുന്ന സുവർണ്ണ ദിനം. 1947 ഓഗസ്റ്റ് 14 അർദ്ധരാത്രി ലോകം മുഴുവൻ ഉറങ്ങുന്ന സമയത്ത് വിജയത്തിന്റെ പ്രതീക്ഷയോടെ മാതൃരാജ്യത്തിന്റെ ധീരരായ മക്കൾ ഇന്ത്യയെ സ്വാതന്ത്രത്തിലേക്കും പുതിയ ജീവിതത്തിലേക്കും കൈപിടിച്ച് ഉയർത്തി. ഇന്ത്യക്ക് സ്വാതന്ത്ര്യം നേടി തന്നു. എല്ലാ വർഷവും ഇന്നേ ദിവസം എല്ലാവരും ആഘോഷപൂർവ്വം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്നു. എല്ലാ വർഷവും ഇന്നേ ദിവസം ആഘോഷപൂർവ്വം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്നു. സ്വാതന്ത്ര്യ ദിനത്തിന്റെ തലേന്ന് ഇന്ത്യൻ രാഷ്ട്രപതി രാഷ്ട്രത്തോടുള്ള അഭിസംബോധന നടത്തുന്നു, ഓഗസ്റ്റ് 15-ന് പ്രധാനമന്ത്രി ഡൽഹിയിലെ ചെങ്കോട്ടയിൽ ഇന്ത്യൻ പതാക ഉയർത്തുകയും സ്വാതന്ത്ര്യ സമരത്തെയും അതിൽ പക്കെടുത്തവരെയും ബഹുമാനിക്കുന്ന പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യുകയും ചെയുന്നു. ഭൂതകാലത്തെ എടുത്തു കാണിക്കുന്നു, വർഷത്തിലെ നേട്ടങ്ങൾ, പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉയർത്തുകയും കൂടുതൽ വികസനത്തിനായി ആവശ്യപ്പെടുകയും ചെയുന്നു. ആഘോഷത്തിന്റെ ബഹുമാനാർത്ഥം 21 വെടിയുണ്ടകൾ മുഴക്കുന്നു. ഇന്ത്യയുടെ ദേശീയ ഗാനമായ "ജന-ഗണ-മന" ആലപിക്കുന്നു. പ്രസംഗംത്തിന് ശേഷം ഇന്ത്യൻ സായുധസേനയുടെയും അർദ്ധസൈനിക സേനയുടെയും ഡിവിഷനുകളുടെ മാർച്ച് പാസ്റ്റ് നടത്തുന്നു.

പ്രാണനേക്കാൾ വലുതാണ് പിറന്നനാടിന്റെ മാനവും സ്വാതന്ത്ര്യവും എന്ന് ചിന്തിച്ച ഒരു തലമുറയുടെ ത്യാഗമാണ് നമ്മൾ ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം. അവരുടെ ത്യാഗവും ചിന്തിയ ചോരയും ബലിയായി നൽകിയ ജീവനും വ്യർത്ഥമാകതിരിക്കാൻ

**ഒരേ ഒരു ഇന്ത്യ···· ഒരൊറ്റ ജനത····**

**എല്ലാവർക്കും സ്വാതന്ത്ര്യ ദിനാശംസകൾ...**



# ഇടവക വിശേഷങ്ങൾ

*ഓഗസ്റ്റ് 01:* **പതിനഞ്ച് നോമ്പ് ആരംഭം**

*ഓഗസ്റ്റ് 04:* **വി. ജോൺ മരിയ വിയാനിയുടെ തിരുന്നാൾ**

*ഓഗസ്റ്റ് 05:* **ആദ്യ വെള്ളി**

*ഓഗസ്റ്റ് 06:* **നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണ തിരുന്നാൾ**

*ഓഗസ്റ്റ് 13:* **വി. മാക്സിമില്യൻ കോൾബേയുടെ തിരുന്നാൾ**
XI, XII **ക്ലാസ്സുകൾ** private register **ചെയ്തിരിക്കുന്ന കുട്ടികൾക്ക് മൂവാറ്റുപുഴ** NESTT-**ൽ രാവിലെ 9:30 മുതൽ വൈകിട്ട് 3:30 വരെ** Contact Class

*ഓഗസ്റ്റ് 14:* KCYM 2022-23 **അംഗത്വ സ്വീകരണവും**
***"പള്ളിമുറ്റം"*** : KCYM-**ന്റെ നേതൃത്യത്തിൽ ഇടവക തല സായാഹ്ന കൂട്ടായ്മ**

*ഓഗസ്റ്റ് 15:* **പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുന്നാൾ**
**ഇന്ത്യൻ സ്വാതന്ത്ര്യദിനം**
**സൺഡേ സ്കൂൾ വാർഷികം**

*ഓഗസ്റ്റ് 20:* **വി. പത്താം പീയൂസ് മാർപാപ്പയുടെ തിരുന്നാൾ**

*ഓഗസ്റ്റ് 21:* **മാതൃവേദിയുടെ മീറ്റിംഗ്** (ഞായറാഴ്ച രണ്ടാമത്തെ കുർബാനയ്ക്കു ശേഷം)
**മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വിവാഹത്തിന്റെ രജത, സുവർണജൂബിലി ആഘോഷിക്കുന്നവരെ അന്നേദിവസം ആദരിക്കുന്നതാണ്**

*ഓഗസ്റ്റ് 27:* **വി. മോനിക്കയുടെ തിരുന്നാൾ** (മാതൃവേദിയുടെ സ്വർഗീയ മധ്യസ്ഥ)

*ഓഗസ്റ്റ് 29:* **വി. എവുപ്രാസ്യാമ്മയുടെ തിരുന്നാൾ**

## വിവാഹ ഒരുക്ക സെമിനാർ

**നെസ്റ്റ് മുവാറ്റുപുഴ**
**ഓഗസ്റ്റ് 18, 19, 20**
For online registration: https://familyapostolateklm.com/
Ph: +91 94950 11191

## വിശ്വാസ പരിശീലനം

കുട്ടികൾക്കായി എല്ലാ ഞായറാഴ്ചകളിലും നടത്തുന്ന ലോഗോസ് മോഡൽ പരീക്ഷകൾക്ക് തുടക്കമായി.

വിശ്വാസ പരിശീലകരുടെ വാർഷിക രൂപതാ കൺവെൻഷൻ വാഴക്കുളം വിശ്വജ്യോതി കോളേജിൽ വച്ച് നടന്നു. നമ്മുടെ ഇടവകയിൽ നിന്നും വിശ്വാസപരിശീലകർ പങ്കെടുക്കുകയുണ്ടായി.

നമ്മുടെ സൺഡേ സ്കൂളിലെ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന George Mathew Chettoor കഴിഞ്ഞ വർഷത്തെ (ഏഴാം ക്ലാസ്) സ്കോളർഷിപ് പരീക്ഷയിൽ ഫോറോനാ തലത്തിൽ ഒന്നാം സ്ഥാനം നേടി. അഭിനന്ദനങ്ങൾ...



# KCYM അരക്കുഴ ഫൊറോന Committee 2022 - `23



**Fr. Paul Karakombil**
Arakuzha Forane Director



**Sr. Vinu Jose SD**
Animator

## PRESIDENT



Mathews Joseph
Kuttiyara

## VICE PRESIDENT



Abina Threesa Sabu
Kalambattu

## SECRETARY



Bijo Jose
Panalal

## JOIN SECRETARY



Jini Augustine
Parunthumplavill

## COMMITTEE MEMBERS



Minto Mathew
Pottambuzha



Aleena Benny
Erattakuzhakkal

## COMMITTEE MEMBERS



Heles Benny
Namattathill




Merin Mathew
Puthenpurakkal

## TREASURER



Manu Emmanuel
Chettoor




# ലോഗോസ് മോഡൽ പരീക്ഷാ സമയക്രമം

1. August 07 : മർക്കോസ് 13 - 16
2. August 14 : 1 കോറിന്തോസ് 9 - 12
3. August 21 : 1 കോറിന്തോസ് 13 - 16
4. August 28 : ജോഷ്വാ ആമുഖം, 1 - 12
5. September 04 : പ്രഭാഷകൻ 23 - 26, മർക്കോസ് 9 - 16
6. September 11 : 1 കോറിന്തോസ് 9 - 16
7. September 18 : Model Test 1
8. September 26 : Model Test 2 (Written Exam) (11AM - 12.30 PM)

**NB: കുട്ടികൾക്കുള്ള ലോഗോസ് മോഡൽ പരീക്ഷ ഞായറാഴ്ചകളിൽ വേദപാഠ സമയത്ത്.**

## LOGOS EXAM 2022 (After Noon)

**പരീക്ഷാ തിയതി:** *സെപ്റ്റംബർ 25, ഞായറാഴ്ച*

**പഠനഭാഗം:**

*ജോഷ്വാ 1-12*
*പ്രഭാഷകൻ 23-26*
*മർക്കോസ് 9-16*
*1 കോറിന്തോസ് 9-16*



# തിരുകർമ്മങ്ങളുടെ സമയക്രമം

| | | |
|---|---|---|
| തിങ്കൾ - ശനി: | 6.15 am | വി. കുർബാന |
| ചൊവ്വ: | 6.15 am | വി. കുർബാന,<br>വി. അന്തോണിസിന്റെ നൊവേന |
| ബുധൻ: | 6.00 am | മാർ യൗസേപ്പിതാവിന്റെ പിതാപാത,<br>വി. കുർബാന, നൊവേന |
| | 10.00 am | മാർ യൗസേപ്പിതാവിന്റെ പിതാപാത,<br>വി. കുർബാന, നൊവേന |
| ഞായർ : | 6.45 am | വി. കുർബാന |
| | 9.45 am | വി. കുർബാന |

**നിങ്ങളുടെ കുടുംബാംഗങ്ങളുടെയും പ്രിയപ്പെട്ടവരുടെയും ജന്മദിനം, മാമോദിസ, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം തുടങ്ങിയവ പ്രതിമാസ ഇ-ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ ഫോട്ടോയും വിശദ വിവരങ്ങളും താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഈ മാസം 20ാം തിയതിക്ക് മുമ്പായി വാട്സാപ്പ് ചെയ്യുക.**

**ജോർജ്ജ് പോൾ പൊരുന്നേടം - +91 9288164199**

# ഇതൾ മറിയുന്ന ചരിത്രം...

**പെരിങ്ങഴ ഇടവകയുടെ ചരിത്രം - ഭാഗം 2**

സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള നാടാണ് പെരിങ്ങഴ എന്നതിൽ സംശയമില്ല. ഫലഭൂയിഷ്ഠമായ ഭൂമി, നദിയിലൂടെ ചെന്നെത്താവുന്ന പ്രദേശങ്ങൾ, വിശാലമായി കിടക്കുന്ന മലയിടുക്കുകൾ എന്നിവയെല്ലാം നിറഞ്ഞ പ്രദേശമാണ് പെരിങ്ങഴ. ഇന്ന് പെരിങ്ങഴ എന്ന് വിളിക്കപ്പെടുന്ന പ്രദേശം പണ്ട് തമിഴ് ഭാഷയിൽ പെരുംകുഴൈ എന്നാണ് വിളിക്കപ്പെട്ടിരുന്നത്. വലിയ പ്രദേശമെന്നാണ് അതിന്റെ അർത്ഥം. ജലസമ്പർക്കമുള്ള സ്ഥലമെന്ന് കുഴൈ എന്ന പദത്തിന് അർത്ഥമുണ്ട്. ബുദ്ധ-ജൈന മതങ്ങളുടെയും പിൽക്കാലത്ത് ബ്രാഹ്മണ അഥവാ വേദ മതത്തിന്റെയും സ്വാധീനമുണ്ടായിരുന്ന നാടാണ് പെരിങ്ങഴ. പെരിങ്ങഴ പോലെ തന്നെ ചരിത്രമുറങ്ങുന്ന നാടാണ് ആരക്കുഴയും. പെരിങ്ങഴയിൽ പള്ളി സ്ഥാപിതമാകുന്നത് വരെയുള്ള ആരക്കുഴ, പെരിങ്ങഴ പ്രദേശങ്ങളിലുള്ളവരുടെ ചരിത്രം ഒന്ന് തന്നെയാണ്. ഈ പ്രദേശങ്ങളിൽ വസിച്ചിരുന്നവരുടെ ആദ്യ കാലത്തെ പൊതു ഇടവക മൈലക്കൊമ്പ് ആയിരുന്നു. എന്നാൽ പെരിങ്ങഴയിൽ നിന്നുൾപ്പെടെ അവിടെ എത്തിച്ചേരുക എളുപ്പമല്ലായിരുന്നു. അതിനു ശേഷം എട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കടമറ്റം പള്ളി സ്ഥാപിച്ചപ്പോൾ ഈ പ്രദേശത്തെ വിശ്വാസികളിൽ കുറേഭാഗം ആ ഇടവകയായി തീർന്നു. എന്നാൽ അവിടെയും ചെന്നെത്തുക എളുപ്പമല്ലെന്ന് മനസ്സിലാക്കിയ പൂർവികർ എഡി 999 ആം വർഷത്തിൽ ആരക്കുഴയിൽ പള്ളി സ്ഥാപിച്ചു. പെരിങ്ങഴ 1864 വരെ ആരക്കുഴ ഇടവകയിൽപ്പെട്ട പ്രദേശമായിരുന്നു. പെരിങ്ങഴയുടെ ആദ്യകാല ചരിത്രം ആരക്കുഴയുടെ ചരിത്രം തന്നെയാണ്.



ആരക്കുഴ, പെരിങ്ങഴ പ്രദേശങ്ങളിൽ ക്രിസ്ത്യാനികളുടെ കുടിയേറ്റം വലിയൊരു ചരിത്ര സംഭവമാണ്. സുഗന്ധ ദ്രവ്യങ്ങളുടെ ഉൽപ്പാദനത്തിനായിരുന്നു ആ കുടിയേറ്റങ്ങൾ. സുഗന്ധ ദ്രവ്യങ്ങളുടെ വ്യാപാരമായിരുന്നല്ലോ ആദിമകാല ക്രിസ്ത്യാനികളുടെ പ്രധാന വരുമാന മാർഗം. കേരളത്തിലെ പൗരാണിക അന്താരാഷ്ട്ര വ്യാപാര കേന്ദ്രങ്ങളായിരുന്ന പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ, കോക്കമംഗലം, നിരണം, കൊല്ലം ചായൽ എന്നിങ്ങനെയുള്ള കേന്ദ്രങ്ങളിൽ വ്യാപാരം നടത്തുകയായിരുന്നു അവരുടെ പ്രധാന തൊഴിൽ. യഹൂദരും ബിബിലോണിയക്കാരും അലക്സാൻഡ്രിയക്കാരും ഫിനിഷ്യരും കേരളത്തിലെ സുഗന്ധദ്രവ്യങ്ങളും മുത്തും മയിൽപ്പീലിയും തേക്കും ഈട്ടിയുമെല്ലാം വാങ്ങിക്കുവാൻ പ്രസ്തുത വ്യാപാരകേന്ദ്രങ്ങളിലുണ്ടായിരുന്നു. അന്നത്തെ വ്യാപാര ഭാഷ യേശുക്രിസ്തുവും ശിഷ്യന്മാരും സംസാരിച്ചിരുന്ന അരമായ ഭാഷ തന്നെയായിരുന്നു. കേരളീയർ തമിഴും പാലിയും ഉപയോഗിച്ചിരുന്നു.

ആരക്കുഴ, പെരുമ്പല്ലൂർ, പെരിങ്ങഴ പ്രദേശങ്ങളിലെ പ്രധാന നാണ്യവിള കുരുമുളകായിരുന്നു. ഫലഭൂയിഷ്ടമായ ഭൂമിയുള്ളതുകൊണ്ട് ഈ പ്രദേശത്തെ ക്രൈസ്തവർ സാമ്പത്തികമായി ഉയർന്ന നിലയിലായിരുന്നു. കാലക്രമത്തിൽ ഇവിടം ബ്രാഹ്മണരുടെയും നായന്മാരുടെയും കർത്താക്കന്മാരുടെയും പ്രാദേശങ്ങളായി മാറി. അവരുടെ വാഴ്ചക്കാലത്താണ് ക്രിസ്ത്യാനികൾ പല നാടുകളിൽ നിന്നും ഈ പ്രദേശങ്ങളിലേക്ക് കുടിയേറിയത്. ഇത് എ.ഡി 6-}o നൂറ്റാണ്ടിന് ശേഷമായിരുന്നു. ഓരം, ഒഴുക, ചെറുകുളം, കളമ്പാടൻ, കദളിക്കാടൻ, ചെറുകാടൻ മുതലായ കുടുംബക്കാർ ആദ്യം കുടിയേറി.



പാലയൂർ-കൊടുങ്ങല്ലൂർ പ്രദേശങ്ങളിൽ നിന്ന് കുറവിലങ്ങാട് പ്രദേശത്ത് എത്തിച്ചേർന്നവരുടെ സന്തതിപരമ്പരകളിൽ പെട്ടവരായിരുന്നു അവരെന്നാണ് ചരിത്രം. അവരോടൊപ്പം മൂന്ന് നായന്മാരും ഒരു വൈദികനും പോന്നിരുന്നുവെന്നാണ് പാരമ്പര്യം. കടമറ്റം പ്രദേശത്തു നിന്നും ചില കുടിയേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ അങ്കമാലിക്കടുത്തുള്ള ചെങ്ങമനാട്ട് നിന്ന് കുടിയേറിയ കുടുംബത്തിപ്പെട്ട വ്യക്തിയായിരുന്നു കോതമംഗലം രൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു പോത്തനാമുഴി.

ഇടപ്പള്ളി ഇടവകയിൽപ്പെട്ടിരുന്ന പെരിങ്ങഴ ഗ്രാമത്തിൽ നിന്ന് രാജകോപം ഭയന്ന് പോന്നവരാണ് നെല്ലൂർ കുടുംബക്കാർ. ഇടപ്പള്ളി ഇളംകല്ലൂർ രാജാവിന്റെ ആനയുടെ വാല് ഒരു ഉത്സവ ഘോഷയാത്രക്കിടെ വെട്ടിമുറിച്ചതുകൊണ്ടാണ് രാജകോപം ഉണ്ടായത്. നെല്ലൂർ മാപ്പിളയും നെടുംപള്ളി നായരും വഴുതനപ്പിള്ളി ഇളയതും ഒരു വെളുത്തേടനും ഇടപ്പള്ളിയിൽ നിന്ന് വന്നു ചേർന്നുവെന്നാണ് പാരമ്പര്യം. ആ സംഭവം 17-}o നൂറ്റാണ്ടിലായിരിക്കും നടന്നത്.



(തുടരും...)


ബിമി ജോബിൻ ചാലിലിന്
പിറന്നാളാശംസകൾ....
23rd July


Many Many Happy Returns
Ditton Johnson
With Lots of Love and Prayers,
Pappa, Amma & Chettai
29th July

# അമ്മയുടെ സ്നേഹം

1950 നവംബർ 1-ന് പിയൂസ് പന്ത്രണ്ടാമൻ പാപ്പായാണ് 'മാതാവിന്റെ സ്വർഗ്ഗാരോപണം' കത്തോലിക്കാ സഭയുടെ വിശ്വാസ സിദ്ധാന്തമായി പ്രഖ്യാപിച്ചത്. പരിശുദ്ധ കന്യകാമാതാവ് ഭൂമിയിലെ



തന്റെ ജീവിതത്തിന്റെ അവസാനത്തിൽ ഉടലോടെ സ്വർഗ്ഗത്തിന്റെ മഹത്വത്തിലേക്കെടുക്കപ്പെട്ടു എന്ന വിശ്വാസത്തെ പ്രഖ്യാപിക്കുകയാണ് പാപ്പാ ഇതിലൂടെ ചെയ്തത്.പരിശുദ്ധ മറിയത്തിന്റെ ശരീരവും, ആത്മാവും സ്വർഗ്ഗത്തിന്റെ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു എന്ന വസ്തുതയായിരുന്നു പാപ്പായുടെ വിശദീകരണത്തിന്റെ കാതൽ.പരിശുദ്ധ അമ്മയുടെ പേരിലുള്ള ഏറ്റവും പഴക്കമേറിയ തിരുനാൾ ദിനം സ്വർഗ്ഗാരോപണ തിരുനാൾ ആണ്. എന്നാൽ ഈ തിരുനാളാഘോഷം ഏറ്റവും ആദ്യമായി നിലവിൽ വന്നതെങ്ങിനെ എന്ന് അറിവില്ല. ഇത് റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ ജെറുസലേം നഗരം വിശുദ്ധ നഗരമായി പുന:സ്ഥാപിച്ച (c. 285-337) കാലങ്ങളിൽ ആയിരുന്നിരിക്കാമെന്ന് കരുതപ്പെടുന്നു.

ഏതാണ്ട് 135-ൽ ചക്രവർത്തിയായിരുന്ന ഹഡ്രിയൻ (76-138) ഈ നഗരം ഇടിച്ചു നിരപ്പാക്കി. പിന്നീട് ജൂപ്പീറ്ററിന്റെ ആദരണാർത്ഥം പുതുക്കി പണിതത് മുതൽ ഏതാണ്ട് രണ്ട് നൂറ്റാണ്ടോളം ഈ നഗരം വിജാതീയരുടെ നഗരമായി നിലകൊള്ളുകയായിരുന്നു. ആ ഇരുനൂറ് വർഷക്കാലയളവിൽ യേശുവിന്റെ എല്ലാ ഓർമ്മകളും ഇവിടെ നിന്നും നശിപ്പിക്കപ്പെടുകയും, കർത്താവിന്റെ ജീവിതം മരണം, ഉത്ഥാനം തുടങ്ങിയവ കൊണ്ട് വിശുദ്ധമാക്കപ്പെട്ട സ്ഥലങ്ങളെല്ലാം വിജാതീയരുടെ ക്ഷേത്രങ്ങളായി മാറ്റപ്പെടുകയും ചെയ്തു.

336-ൽ 'ഹോളി സെപ്പൾച്ചർ' ദേവാലയം നിർമ്മിക്കപ്പെട്ടതിനു ശേഷമാണ്, ആ വിശുദ്ധ സ്ഥലങ്ങളെല്ലാം പുനരുദ്ധരിക്കപ്പെടുകയും, നമ്മുടെ കർത്താവിന്റെ ഓർമ്മപുതുക്കലുകൾ ജെറുസലേമിലെ ജനങ്ങൾ കൊണ്ടാടി തുടങ്ങുകയും ചെയ്തത്. യേശുവിന്റെ മാതാവിനെ കുറിച്ചുള്ള ഒരു ഓർമ്മ, പുരാതന ക്രൈസ്തവ സമൂഹം ജീവിച്ചിരുന്ന സിയോൻ മലയിലെ 'മറിയത്തിന്റെ കബറിടത്തെ' ചുറ്റിപ്പറ്റിയുള്ളതാണ്. മറിയം നിത്യവിശ്രമം പ്രാപിച്ച സ്ഥലമാണ് ആ മല. അവിടെവെച്ചാണ് മറിയം മരിച്ചത്. ആ സമയത്ത് മറിയത്തിന്റെ ഓർമ്മപുതുക്കൽ ആഘോഷിക്കപ്പെട്ടിരുന്നു. പിൽക്കാലത്ത് അത് സ്വർഗ്ഗാരോഹണ തിരുനാൾ ആയി മാറി.



## Follow Us on Social Media:

**പെരിങ്ങഴ തീർത്ഥാടന ഇടവകയുടെ സാമൂഹ്യ മാധ്യമ പേജുക**

**സന്ദർശിക്കുവാൻ QR കോഡ് സ്കാൻ ചെയ്യുക.**

Facebook Instagram Twitter

Website Youtube

# August 2022



**1** Monday **വിശുദ്ധ അൽഫോൻസ് ലിഗോറി**
കൊളോ 1:1-8 / റോമാ 8:1-11
യോഹ 15:9-17 / മർക്കോ 12:28-23

**2** Tuesday **വിശുദ്ധ യൂസിബിയസ്**
2 പത്രോ 3:8-13
മത്താ 20:1-16



**3** Wednesday **വിശുദ്ധ പീറ്റർ ജൂലിയൻ**
1 തെസ 5:12-22
ലൂക്കാ 17:11-19

**4** Thursday **വിശുദ്ധ ജോൺ മരിയ വിയാനി**
ഗലാ 6:6-10 / 2 കോറി 1:3-7
മത്താ 21:18-22 / മത്താ 9:35 - 10:1

**5** Friday **മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി (ആദ്യവെള്ളി)**
1 കോറി 3:5-11
യോഹ 14:1-11

**6** Saturday **നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം**
പുറ 19:1-8, 20:18-21
ഏശ 6:1-7
2 പത്രോ 1:16-21
ലൂക്കാ 9:28-36



**7** Sunday **വിശുദ്ധ തീനെയിലെ കജെതൻ**
റൂത്ത് 1:6-18
പ്രഭാ 33:7-13
റോമാ 12:3-8
ലൂക്കാ 10:38-42

**8** Monday **വിശുദ്ധ ഡൊമിനിക് പുരോഹിതൻ**
തീത്തോ 2:1-10 / 1 കോറി 2:1-10
മത്താ 7:12-20/ ലൂക്കാ 9:57-62



**9** Tuesday **വിശുദ്ധ തെരേസ ബെനെഡിക്ട**
1 കോറി 7:1-7
ലൂക്കാ 19:3-12

**10** Wednesday **വിശുദ്ധ ലോറൻസ്**
റോമാ 12:14-21
യോഹ 13:1-15




**11** Thursday **വിശുദ്ധ ക്ലാര**
1 തിമോ 6:1-6 / ഫിലി 3:8-14
മത്താ 21:28-32 / മത്താ 19:27-29

**12** Friday **വിശുദ്ധ ബോണവെഞ്ചർ**
റോമാ 15:1-6
മത്താ 18:21-35

**13** Saturday **വിശുദ്ധ ഹിപ്പോളിറ്റസ്**
റോമാ 13:1-7 / 1 പത്രോ 3:14-17
മത്താ 17:24-27 / ലൂക്കാ 9:23-26

**14** Sunday **വിശുദ്ധ മാക്സിമില്യൻ കോൾബേ**
നിയ 6:1-9
എസെ 3:16-21
2 തെസ 2:13-17
മത്താ 13:44-52




**15** Monday **മാതാവിന്റെ സ്വർഗാരോപണം തിരുന്നാൾ**
**(ഇന്ത്യൻ സ്വാതന്ത്ര്യദിനം)**
പുറ 15:11-18
അപ്പ 1:6-14
2 തിമോ 4:1-8
മത്താ 12:46-50, 13:53-57



**16** Tuesday **ഹംഗറിയിലെ വിശുദ്ധ സ്റ്റീഫൻ**
1 കോറി 1:10-17
യോഹ 3:22-30

**17** Wednesday **വിശുദ്ധ ഹയാസിന്ത്**
ഗലാ 3:19-25
ലൂക്കാ 10:25-37

**18** Thursday **വിശുദ്ധ ഹെലെൻ**
ഹെബ്രാ 12:19-25
ലൂക്കാ 17:20-33

**19** Friday **വിശുദ്ധ യൂഡ്സ്**
റോമാ 14:13-23
മർക്കോ 9:42-50

**20** Saturday **വിശുദ്ധ ബർനാർഡ്**
1 രാജാ 19:3-8
സുഭാ 9:1-5
1 കോറി 11:23-30 / റോമാ 2:17-24
യോഹ 6:47-58 / മത്താ 15:10-20

**21 Sunday വിശുദ്ധ പത്താം പീയൂസ് മാർപാപ്പ**



ലേവ്യ 16:20-28
ഏശ 14:1-15
യൂദാ 1:8-13
ലൂക്കാ 11:14-26

**22 Monday അമ്മയും രാജ്ഞിയുമായ പരിശുദ്ധ മറിയം**



വെളി 12:7-12
ലൂക്കാ 8:26-39

**23 Tuesday ലിമയിലെ വിശുദ്ധ റോസ്**

1 യോഹ 3:1-10
യോഹ 8:37- 47

**24 Wednesday ബർത്തലോമിയോ ശ്ലീഹയുടെ തിരുന്നാൾ**



ഉത്പ 28:10-19
ജ്ഞാനം 7:13-21
1 കോറി 1:26-31 / 1 തെസ 4:1-8
യോഹ 1:45-51 / മത്താ 21:12-17

**25 Thursday വിശുദ്ധ ലൂയിസ്**

1 തെസ 3:6-13
മർക്കോ 1:40-45

**26 Friday വിശുദ്ധ ശ്മോനിയും ഏഴ് മക്കളും**



2 മക്ക 7:1-6,20-23,41
ദാനി 6:1-17
2 കോറി 6:1-10
യോഹ 16:25-33

**27 Saturday വിശുദ്ധ അഗസ്റ്റിൻ മെത്രാൻ മല്പാൻ**



നിയ 10:12-17
ജ്ഞാനം 7:10-14
2 കോറി 5:14-21 / വെളി 20:1-6
മർക്കോ 8:34-38 / മത്താ 12:38-45

**28 Sunday വിശുദ്ധ ഹെർമിസ്**

ഉത്പ 8:1-11
ഉത്തമ 6:1-4
വെളി 21:9-14
യോഹ 6:16-24

**29** Monday **വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുന്നാൾ**
**(വിശുദ്ധ സ്നാപക യോഹന്നാന്റെ ശിരച്ഛേദം)**
**ഉത്പ 12:1-4**
**പ്രഭാ 2:1-6**
**1 തെസ 4:1-8 / എഫേ 5:22-33**
**മർക്കോ 10:35-45 / മത്താ 16:13-20**



**30** Tuesday **വിശുദ്ധ ജീൻ ജോഗൻ**
**അപ്പ 4:32-45**
**ലൂക്കാ 12:22-34**

**31** Wednesday **വിശുദ്ധ റെയ്മണ്ട് നോനാറ്റസ്**
**എഫേ 4:1-6**
**യോഹ 21:1-12**



# സെൻ്റ്. ജോസഫ്സ് തീർത്ഥാടന ദൈവാലയം, പെരിങ്ങഴ

(കോതമംഗലം രൂപത)


സ്ഥാപിതം: *1864 AD*








## തിരുക്കുടുംബ
## പാലകൻ്റെ
## നാട്ടിലേക്ക്
## ഏവർക്കും
## സ്വാഗതം...














# ജീവ ലബോറട്ടറി, മൂവാറ്റുപുഴ

## കോതമംഗലം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാമൂഹ്യക്ഷേമപ്രസ്ഥാനം

JEEVA
MEDICAL LABORATORY

**380 രൂപ മുതലുള്ള പാക്കേജുകൾ**

**ഇമെയിലിലും വാട്സ്ആപ്പിലും റിസൽട്ടുകൾ**

കുറഞ്ഞ നിരക്കിലുള്ള വിവിധ പാക്കേജുകൾ
അത്യാധുനിക ഉപകരണങ്ങളും
കൃത്യതയാർന്ന റിസൽട്ടും
കോവിഡാനന്തര രക്തപരിശോധനകൾ
ആവശ്യമെങ്കിൽ വീടുകളിൽ നിന്ന്
സാമ്പിൾ ശേഖരണം

## പാക്കേജുകൾ

**₹ 380**
- ബ്ലഡ് ഷുഗർ
- യൂറിക് ആസിഡ്
- സമ്പൂർണ്ണ കൊളസ്ട്രോൾ പരിശോധന (Lipid Profile)
- എസ്.ജി.പി.റ്റി
- ക്രിയാറ്റിൻ
- ഹിമോഗ്ലോബിൻ (HB)

**₹ 550**
- ബ്ലഡ് ഷുഗർ
- ക്രിയാറ്റിൻ
- കാത്സ്യം
- സമ്പൂർണ്ണ കൊളസ്ട്രോൾ പരിശോധന (Lipid Profile)
- ഷുഗർ ആവറേജ് (HbAIC)

**₹ 960**
- ബ്ലഡ് ഷുഗർ
- ബ്ലഡ് റൂട്ടീൻ
- കാത്സ്യം
- പ്ലേറ്റ്ലെറ്റ് കൗണ്ട്
- ലിവർ ഫംഗ്ഷൻ ടെസ്റ്റ് (LFT)
- സമ്പൂർണ്ണ കൊളസ്ട്രോൾ പരിശോധന (Lipid Profile)
- കിഡ്നി ഫംഗ്ഷൻ ടെസ്റ്റ് (RFT)
- മൂന്നുമാസത്തെ ഷുഗർ ആവറേജ് (HbA1C) അല്ലെങ്കിൽ
- തൈറോയിഡ് ഫംഗ്ഷൻ ടെസ്റ്റ് (TFT)

**₹ 980**
- ബ്ലഡ് ഷുഗർ,
- കാത്സ്യം
- സി.ബി.സി. (Complete Blood Count)
- സമ്പൂർണ്ണ കൊളസ്ട്രോൾ പരിശോധന (Lipid Profile)
- കിഡ്നി ഫംഗ്ഷൻ ടെസ്റ്റ് (RFT)
- ലിവർ ഫംഗ്ഷൻ ടെസ്റ്റ് (LFT)
- ഇലക്ട്രോലൈറ്റ്സ് (സോഡിയം, പൊട്ടാസ്യം, ക്ലോറൈഡ്)

**₹ 690**
- ബ്ലഡ് ഷുഗർ
- ലിവർ ഫംഗ്ഷൻ ടെസ്റ്റ് (LFT)
- കിഡ്നി ഫംഗ്ഷൻ ടെസ്റ്റ് (RFT)
- ബ്ലഡ് റൂട്ടീൻ
- പ്ലേറ്റ്ലെറ്റ് കൗണ്ട്
- കാത്സ്യം
- സമ്പൂർണ്ണ കൊളസ്ട്രോൾ പരിശോധന (Lipid Profile)

**₹ 1900**
- സി.ബി.സി. (Complete Blood Count)
- ലിവർ ഫംഗ്ഷൻ ടെസ്റ്റ് (LFT)
- വിറ്റാമിൻ D3
- ബ്ലഡ് ഷുഗർ
- കാത്സ്യം
- തൈറോയിഡ് പരിശോധന
- ഷുഗർ ആവറേജ് (HbAIC
- കിഡ്നി ഫംഗ്ഷൻ ടെസ്റ്റ് (RFT)
- സമ്പൂർണ്ണ കൊളസ്ട്രോൾ പരിശോധന (Lipid Profile)

ജീവ മെഡിക്കൽസിനും
മാർ മാത്യൂസ് ബുക്ക് & ഗിഫ്റ്റ്സ് സെന്ററിനും എതിർവശം
ലതാപ്പടി, മൂവാറ്റുപുഴ
email us : jeevalabmvpa@gmail.com, 8089774110

**ജീവ ലബോറട്ടറി പ്രവർത്തന സമയം**
6.00 am - 4.00 pm

Sanjo Printers KLM, 7510341529